പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4034 16/12/2014-ൽ മറുപടിക്ക്

**കൊണ്ടോട്ടി, പുളിക്കൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ വിഭജനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി. | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിൽ കൊണ്ടോട്ടി, പുളിക്കൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ ഉപഭോക്താക്കളുടെ എണ്ണം അധികമാണ് എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;<br>(ബ) പ്രവർത്തന സൗകര്യം കണക്കിലെടുത്ത് ഈ രണ്ട് സെക്ഷനുകളെയും വിഭജിച്ച് ഐക്കരപ്പടി, കൊളത്തൂർ എന്നീ രണ്ട് പുതിയ സെക്ഷനുകൾ കൂടി ആരംഭിക്കണം എന്ന ആവശ്യം പരിഗണിക്കുമോ? | (എ) യും (ബി)യും<br>ഏകദേശം 40 ചതുരശ്ര കിലോമീറ്റർ വിസ്തൃതി ഉള്ള കൊണ്ടോട്ടി സെക്ഷന്റെ പരിധിയിൽ 24,400 ഉപഭോക്താക്കളും, ഏകദേശം 56 ചതുരശ്ര കിലോമീറ്റർ വിസ്തൃതി ഉള്ള പുളിക്കൽ സെക്ഷന്റെ പരിധിയിൽ 19114 ഉപഭോക്താക്കളും ആണ് ഇപ്പോൾ ഉള്ളത്. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി; (25000 ഉപഭോക്താക്കൾ/ 50 ചതുരശ്ര കിലോമീറ്റർ അഥവാ 20,000 ഉപഭോക്താക്കൾ/ 100 ചതരശ്ര കിലോമീറ്റർ), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ കൊണ്ടോട്ടി, പുളിക്കൽ എന്നീ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ഐക്കരപ്പടി, കൊളത്തൂർ എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കണമെന്ന ആവശ്യം പരിഗണനയിലില്ല. എന്നാൽ ടി മാനദണ്ഡങ്ങൾക്കനുസൃതമായി ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**